എസ് എന്നിവ നൽകിയിട്ടും ബഡ്ജറ്റിൽ പ്രൊവിഷനുണ്ടായിട്ടും ടെണ്ടർ ചെയ്യാത്ത പാലിയ്ക്കത്തോട്-കൂട്ടായ്വിളയൂർ റോഡ്, കാരാപ്പറമ്പ്-വടക്കുംമല റോഡ് ഇവ രണ്ടും ടെണ്ടർ ചെയ്ത് പ്രവർത്തനമാരംഭിക്കാൻ, മുടങ്ങിയ റോഡുകളുടെ പ്രവർത്തനം അടിയന്തിരമായി തുടങ്ങാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചോലയ്ക്കൽ, തോട്ടുപൊയിൽ-മീൻപാറകൈ റോഡിന്റെ പണികൾ ആരംഭിച്ചതാണ്. കോൺട്രാക്ടർമാർ പണി ഇടയ്ക്കുവച്ച് നിർത്തുകയാണ് ചെയ്തത്. വീണ്ടും അതിന്റെ ഫോർമേഷനും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. മഴക്കാലം കഴിഞ്ഞാലുടനെ ടാറിംഗ് നടത്താമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ നടപടിയുണ്ടായില്ലെങ്കിൽ ടെർമിനേറ്റ് ചെയ്ത് പുതിയ ടെണ്ടർ ചെയ്ത് വർക്ക് ഏർപ്പാടാക്കാം. മഴ കഴിഞ്ഞാൽ ടാറിംഗ് നടത്താമെന്നാണ് അറിയിച്ചിരിക്കുന്നത്. പാലയ്ക്കത്തോട്-കൂട്ടായ്വിളയൂർ റോഡിന്റെ കാര്യത്തിൽ കുറച്ചുകൂടി ഫണ്ട് വകയിരുത്തേണ്ടതുണ്ട്. അതിനുശേഷം നടപടി സ്വീകരിക്കാം. കാവന്നൂർ, വടക്കുംമല-കാരാപറമ്പ് റോഡ് നബാർഡ് സ്കീമിൽപ്പെടുത്തുന്നതിനുള്ള നിർദ്ദേശമുണ്ട്.

(12) റാന്നി താലൂക്കിലെ ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചിരിക്കുന്നതു സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : സർ, റാന്നി നിയോജ മണ്ഡലത്തിൽ 19-ാം നൂറ്റാണ്ടുമുതൽ തെളിവുസഹിതം ജീവിച്ചുവന്ന ആദിവാസികൾക്ക് കഴിഞ്ഞ 7 വർഷമായി സർക്കാർ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് നിഷേധിച്ചിരിക്കുകയാണ്. പട്ടച്ചിറ, വാഹ, പിമ്പരം, നായാടി തുടങ്ങി പത്തിലധികം ആദിവാസി കോളനികളെ ആയിരത്തോളം കുടുംബങ്ങളാണ് സർക്കാരിന്റെ പുതിയ തീരുമാനത്തെ ഉറ്റുനോക്കുന്നത്. കഴിഞ്ഞ 7 വർഷമായി ഇത്രയും കുടുംബങ്ങളിലെ കുട്ടികൾ ജാതി സർട്ടിഫിക്കറ്റ് കൊടുക്കാത്തതുമൂലം പഠിപ്പു നിർത്തി; പുതിയ കുട്ടികളെ മാതാപിതാക്കൾ സ്കൂളിലേയ്ക്ക് വിടുന്നില്ല. അവിടെ ത്രിതല പഞ്ചായത്ത് പണം കൊടുക്കില്ല, വർക്കിംഗ് ഗ്രൂപ്പ് പണം കൊടുക്കില്ല. കഴിഞ്ഞ 7 വർഷക്കാലമായി ഇത്രയും കോളനികളിൽ ഒരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. തിരുവനന്തപുരത്തു നടന്ന ഒരു ഗൂഢാലോചനയെത്തുടർന്ന് ഉന്നത സ്ഥാനങ്ങളിലിരിക്കുന്ന ചില ആദിവാസി ഉദ്യോഗസ്ഥൻമാരുടെ കഴുത്തറക്കാൻ ചില രാഷ്ട്രീയ നേതാക്കൻമാരും ചില ഉദ്യോഗസ്ഥൻമാരും കിർത്താഡ്സിനെ കുരങ്ങുകളിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ആ പുതിയ നിർദ്ദേശം ഇപ്പോൾ വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ പാടില്ലെന്ന് ജില്ലാ കളക്ടറോ തഹസീൽദാരോ കിർത്താഡ്സോ എസ്.ടി ഡിപ്പാർട്ട്മെന്റോ നിർദ്ദേശം കൊടുത്തിട്ടില്ലായെന്നാണ് ബന്ധപ്പെട്ട ആളുകൾ ആ യോഗത്തിൽ പറഞ്ഞത്. പക്ഷേ ബന്ധപ്പെട്ട തഹസീൽദാർമാർ ഈ സർട്ടിഫിക്കറ്റു കൊടുക്കാൻ വിമുഖത കാട്ടുന്ന അവസ്ഥയാണ്. ആയിരത്തോളം കുടുംബങ്ങളെ രക്ഷിക്കാൻ അടിയന്തിരമായി അങ്ങ് ഇടപെട്ട് തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവമാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തവും സ്വീകാര്യവുമായിട്ടുള്ള രേഖകൾ ഹാജരാകുന്ന മുഴുവൻ ആളുകൾക്കും പട്ടികജാതി ആണെങ്കിൽ പട്ടികജാതിയെന്നും പട്ടിക വർഗ്ഗമാണെങ്കിൽ പട്ടികവർഗ്ഗമെന്നും സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില പ്രദേശങ്ങളിൽ ഇപ്പോഴും ഈ തർക്കം നിലനിൽക്കുന്നുണ്ട്. ആ തർക്കങ്ങളെല്ലാം തന്നെ എത്രയും പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്ന തരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. തർക്കങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതാണ്.

(13) വയനാട് ജില്ലയിലെ തിരുനെല്ലിയിലും കണ്ണൂർ ജില്ലയിലെ കൊട്ടിയൂരും കാട്ടാന വരുത്തിയ നാശനഷ്ടങ്ങൾ സംബന്ധിച്ച്

ശ്രീമതി രാധാ രാഘവൻ: സർ, എന്റെ നിയോജകണ്ഡലത്തിലെ തിരുനെല്ലി പഞ്ചായത്തിലും കൊട്ടിയൂർ പഞ്ചായത്തിലുമുള്ള സാധാരണ കർഷകർ അവരുടെ കൃഷിയും വീടും കാട്ടാന തകർത്തതുമൂലം വളരെ കഷ്ടത്തിലാണ്. പലപ്രാവശ്യം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിലും ഈ സഭയിലും ഉന്നയിച്ചുവെങ്കിലും പരിഹാരം കാണുന്നതിന് സർക്കാർ ഭാഗത്തുനിന്നും ആത്മാർത്ഥമായി ഒരു ശ്രമവും നടന്നിട്ടില്ല. തിരുനെല്ലിയിൽ 1999 ഏപ്രിൽ 18-ന് 6 വീടുകളാണ് കാട്ടാന നശിപ്പിച്ചത്. വനവല്ലിയിൽ ഇക്കഴിഞ്ഞ ഏപ്രിൽ 19-ന് 5 വീടുകളും അപ്പപ്പാറയിൽ മേയ് മാസം 25-ാം തീയതി 11 വീടുകളും കാട്ടാന നിശ്ശേഷം നശിപ്പിച്ചു. ചേകാടി കോട്ടാമൂല ഭാഗത്ത് ഒരു രാത്രി കൊണ്ട് 10 വീടുകൾ കാട്ടാന തകർത്തു. ഈ ഭാഗത്ത് ട്രഞ്ച് നിർമ്മാണം പൂർത്തീകരിക്കുകയോ വൈദ്യുതി കമ്പിവേലി നിർമ്മാണം നടപ്പാക്കുകയോ ചെയ്തിട്ടില്ല. കൊട്ടിയൂർ പ്രദേശത്തെ കുടിയേറ്റ കർഷകർ മുഴുവൻ ഭീതിയിലാണ്. പ്രകൃതിക്ഷോഭം കൊണ്ട് കഷ്ടപ്പെടുന്ന കർഷകർ കാട്ടാന ശല്യം കൊണ്ടും പൊറുതിമുട്ടിയിരിക്കുകയാണ്. കായ്ഫലമുള്ള തെങ്ങ്, കവുങ്ങ് കുരുമുളകുവള്ളി, വാഴ തുടങ്ങിയ സർവ്വ കൃഷിയും ആന നശിപ്പിച്ചു. ഉദ്ദേശം 7 ലക്ഷം രൂപയ്ക്കുള്ള കൃഷി നാശം സംഭവിച്ചതായി പരാതിയുണ്ട്. കാട്ടാന നശിപ്പിച്ച വീടുകൾക്കുപകരം സർക്കാർ വീടുവച്ച് നൽകണമെന്നും നശിപ്പിച്ച കൃഷിക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ട്രഞ്ച് നിർമ്മാണം തിരുനെല്ലി പഞ്ചായത്തിൽ പ്രത്യേകിച്ചും പറയുകയുണ്ടായി. ബാക്കിയുള്ള ഭാഗത്ത് പാറപൊട്ടിച്ച് ട്രഞ്ച് നിർമ്മിക്കുകയാണെങ്കിൽ ആ ഭാഗത്ത് ആന കയറാതെ സംരക്ഷിക്കാനും കഴിയുന്നതാണ്. അതുപോലെതന്നെ കൊട്ടിയൂർ പഞ്ചായത്തിൽ ട്രഞ്ച് നിർമ്മാണത്തിന് കമ്പിവേലി അല്ലെങ്കിൽ ഏറ്റവും കൂടുതൽ ഗുണകരമായിട്ടുള്ളത് ആ ഭാഗത്ത് സംസ്ഥാന ഗവണ്മെന്റിന്റെയും കേന്ദ്ര സർക്കാരിന്റെയും ഫണ്ടുപയോഗിച്ച് കരിങ്കൽ മതിൽ ഉണ്ടാക്കുകയാണ്. അതാണ് ഏറ്റവും ശാശ്വതമായിത്തീരുക എന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഈ സഭയോടും ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിൽ കാട്ടാന

LIBRARY ARCHIVES Kerala Legislative Assembly